ലക്കം 2
15 മാർച്ച് 2026
മാസിക, തിരുവനന്തപുരം

ഇന്ത്യൻ തൊഴിലാളി
അദ്ധ്വാന വർഗ്ഗത്തിന്റെ അക്ഷര വസന്തം

മാനേജിംഗ് എഡിറ്റർ
**ആർ. എം. പരമേശ്വരൻ**

ചീഫ് എഡിറ്റർ
**ചിങ്ങന്നൂർ മനോജ്**

അസ്സോസിയേറ്റ് ചീഫ് എഡിറ്റർ
**കെ. പി. ഹരിദാസ്**

എക്സിക്യൂട്ടിവ് എഡിറ്റർ
**കടവിള ഷാജി**

കോർഡിനേറ്റർ
**പി. സുധാകരൻ**

ജനറൽ മാനേജർ
**ജി. അനിൽ കുമാർ**

എഡിറ്റോറിയൽ ബോർഡ്
**എ. എം ഷാജഹാൻ**
**സിയാദ് മലങ്ങാടൻ**
**വി.പി. ജോർജ്**
**പി.ടി. ജോൺ**
**വർഗ്ഗീസ് ജോസഫ്**
**ഷീലാ വേണുഗോപാൽ**
**പി.എം റെജിമോൻ**

അഡ്വൈസറി ബോർഡ് ചെയർമാൻ
**കല്ലംപള്ളി കൃഷ്ണൻ നായർ**

അഡ്വൈസറി ബോർഡ്
**കൊച്ചുത്രേസ്യാ ജോയി**
**മീര നായർ**
**വി.ടി. നന്ദകുമാർ**
**കായംകുളം യൂനുസ്സ്**

കവർ ഡിസൈൻ & പേജ് ലേ-ഔട്ട്
**രാഹുൽ. കെ. ആർ**

ടൈപ്പ് സെറ്റിംഗ്
**മായ. ഡി**

ഇ-മെയിൽ: indianthozhilaly@gmail.com

Follow us on
indianthozhilaly indianthozhilaly





ചീഫ് എഡിറ്റർ എഴുതുന്നു

# എന്തുകൊണ്ട് രമേശ് ചെന്നിത്തല?



കഴിഞ്ഞ പത്ത് വർഷക്കാലത്തെ ഇടതുഭരണം അവസാനിപ്പിക്കാനുള്ള തെരഞ്ഞെടുപ്പ് പ്രചാരണസമിതി ഉണ്ടാക്കാൻ കേന്ദ്ര നേതൃത്വം ആലോചിച്ചപ്പോൾ ഒരു സംശയവുമില്ലാതെ രമേശ് ചെന്നിത്തല എന്ന ഒറ്റ പേരിലേക്ക് മല്ലികാർജ്ജുൻ ഖാർഗെ എ.ഐ.സി. സി. നേതൃത്വത്തെ കൊണ്ടെത്തിച്ചു. രമേശ് ചെന്നിത്തല എന്ന നേതാവിന്റെ ദീർഘമായ രാഷ്ട്രീയപഠനവും സമീപനങ്ങളുമാണ് ഇതിനു കാരണം. കെ.എസ്.യു പ്രസിഡന്റ്, എൻ.എസ്.യു. ദേശീയ പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് സംസ്ഥാന/ദേശീയ പ്രസിഡന്റ്, എ.ഐ.സി.സി സെക്രട്ടറി, വർക്കിംഗ് കമ്മിറ്റി അംഗം നിരവധി സംസ്ഥാനങ്ങളിൽ കോൺഗ്രസ്സ് പാർട്ടിയെ അധികാരത്തിലെത്തിക്കാനുള്ള ചുമതലകൾ നിർവ്വഹിച്ച നേതാവ്, ബഹുമുഖഭാഷാ പ്രതിഭ, വളരെ ചെറുപ്പം മുതൽ അധികാര രാഷ്ട്രീയത്തി ലെത്തിയെങ്കിലും ഒരിക്കൽപോലും പാർട്ടി നിലപാടിനെതിരെ നിൽക്കാത്ത വിശ്വാസ്യത, സർവ്വോപരി ഇന്ത്യയിലുടനീളമുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളിലെ തലമുതിർന്ന നേതാക്കളെയെല്ലാം പേരെടുത്ത്‌വിളിക്കാവുന്ന ബന്ധം, ഒരിക്കലും മറ്റൊരാളെ നിന്ദിക്കാത്ത തരത്തിലുള്ള ശുദ്ധമായ ഭാഷാ ശൈലി, ഉറച്ച ഈശ്വരവിശ്വാസം, പാർശ്വവൽക്കരിക്കപ്പെട്ടവരോടും നിസ്സഹായരോടുമുള്ള ദീനാനുകമ്പ, സ്ത്രീ സമൂഹത്തോടുള്ള ഉയർന്ന സഹവർത്തിത്വ ചിന്താഗതി എന്നിങ്ങനെ അദ്ദേഹത്തിന്റെ സ്വഭാവസവിശേഷതകൾ നീണ്ടുപോകുന്നു...

കേരളത്തിലെ കോൺഗ്രസ് രാഷ്ട്രീയത്തെ സംബന്ധിച്ചിടത്തോളം പ്രധാന പോഷക സംഘടനകൾക്ക് മാത്രം പ്രാധാന്യമുണ്ടായിരുന്ന കെ.പി.സി.സി. യിൽ പ്രവാസികളെയും ഭിന്നശേഷിക്കാരെയും കലാകായിക അദ്ധ്യാപകരെയും, അഭിഭാഷകരെയും, ചിന്തകരെയും, എഴുത്തുകാരെയുമൊക്കെ കൂട്ടിച്ചേർത്തത് അദ്ദേഹമാണ്. സമസ്ത രംഗങ്ങളിലെയും കോൺഗ്രസ്സ് ചിന്താഗതിക്കാർക്ക് ഒത്തു ചേരാനും ആശയവിനിമയം നടത്താനും ക്യാമ്പുകൾ സംഘടിപ്പിക്കാനും കെ.പി.സി.സി യുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ച് നാല്പതിലധികം ഉപഘടകങ്ങളെ ശക്തമായ പ്രവർത്തനങ്ങളിലേക്ക് കൊണ്ടുവന്നതും ചെന്നിത്തലയാണ്. ഉമ്മൻചാണ്ടി യുടെ നേതൃത്തിലുള്ള യു.ഡി.എഫ് സർക്കാർ പ്രതിസന്ധികളിലൂടെ പോയ പ്പോഴെല്ലാം നിസ്തുലമായ പിന്തുണ കെ.പി.സി.സി. യുടെ ഭാഗത്തു നിന്ന് നൽകിയിരുന്നു. ഇത്തരത്തിൽ എ.ഐ.സി.സി.ക്ക് ഇടംവലം നോക്കാതെ തെരഞ്ഞെടുപ്പ് പ്രചാരണ സമിതിയുടെ ചെയർമാനായി രമേശ് ചെന്നിത്തലയെ തെരഞ്ഞെടുക്കാൻ രണ്ടാമതൊന്ന് ആലോചിക്കേണ്ടി വന്നില്ല. പലപ്പോഴായി പാർട്ടിക്കകത്ത് പ്രശ്നാധിഷ്ഠിതമായി വിഘടിച്ചു നിന്ന് പ്രവർത്തിച്ചവർക്കും ഒരു ഘട്ടത്തിൽ പാർട്ടി തന്നെ വിട്ടുപോയി തിരിച്ചു വന്നവർക്ക് പോലും രമേശ് ചെന്നിത്തലയുടെ നേതൃത്വം അംഗീകരിക്കാൻ ബുദ്ധിമുട്ടില്ല എന്നതു തന്നെയാണ് കേരളത്തിലെ യു.ഡി.എഫ് രാഷ്ട്രീയത്തിൽ രമേശ് ചെന്നിത്തലയുടെ പ്രസക്തി.

ചിങ്ങന്നൂർ മനോജ്